കോഡ്: SS 9101 STD IX

## ഒന്നാം പാദവാർഷിക മൂല്യനിർണയം 2015

## സാമൂഹ്യശാസ്ത്രം

സമയം : 2½ മണിക്കൂർ | ആകെ സ്കോർ: 80

**പൊതു നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.
- നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക

1. ഭൗമാന്തരീക്ഷം ചൂട് പിടിക്കുന്ന വിവിധ പ്രക്രിയകൾ ഏതൊക്കെ? (2)

2. ഉപകരണങ്ങളുടെ പ്രയോഗത്തിൽ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക. (2)

3. ഇരുമ്പിന്റെ ഉപയോഗം ഗംഗാസമതലത്തിലെ സാമൂഹിക ജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങൾ എന്തൊക്കെ? (4)

4. ചുവടെ നൽകിയിരിക്കുന്ന ഫലകങ്ങളെ വലിയ ഫലകങ്ങൾ,ചെറുഫലകങ്ങൾ എന്ന ക്രമത്തിൽ വേർതിരിച്ചെഴുതുക.

   - കോക്കോസ് ഫലകം
   - ആഫ്രിക്കൻ ഫലകം
   - വടക്കേ അമേരിക്കൻ ഫലകം
   - ഫിലിപ്പൈൻ ഫലകം
   - ഇന്തോ-ഓസ്ട്രേലിയൻ ഫലകം
   - സ്കോട്ടിയാ ഫലകം

   (3)

5. പർവ്വതങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു? (4)

6. പ്രാചീന ശിലായുഗത്തിലേയും, നവീന ശിലായുഗത്തിലേയും മനുഷ്യജീവിതത്തിലുണ്ടായ മാറ്റങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (4)

7. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്ന് കണ്ടെത്തി എഴുതുക.

| A | B |
|---|---|
| പൈതഗോറസ് | തത്വചിന്ത |
| സോക്രട്ടീസ് | ഗണിതശാസ്ത്രം |
| സോഫോക്ലിസ് | ചരിത്രം |
| ഹെറഡോട്ടസ് | നാടകവേദി |

(4)

8. ഒരു പ്രദേശത്ത് ഒരു ദിവസം അനുഭവപ്പെട്ട ഏറ്റവും കൂടിയ താപനില $38^{\circ}c$ ഉം. കുറഞ്ഞ താപനില $25^{\circ}c$ ഉം ആണ്.ഈ പ്രദേശത്തെ ദൈനിക താപാന്തരവും , ദൈനിക ശരാശരി താപനിലയും കണ്ടെത്തുക. (2)

9. ചുവടെ നല്കിയിരിക്കുന്ന ഭൂരൂപങ്ങളെ തലക്കെട്ടിനനുയോജ്യമായി പട്ടികപ്പെടുത്തുക.

- കൂൺശില
- സമുദ്രഗുഹകൾ
- തൂക്കുതാഴ്‌വരകൾ
- 'U' രൂപ താഴ്‌വരകൾ
- മിയാൻഡറുകൾ
- സ്തംഭങ്ങൾ
- പ്രളയ സമതലം
- ബാർക്കൻസ്

| ഒഴുകുന്ന ജലം | കാറ്റ് | ഹിമാനി | തിരമാല |
|---|---|---|---|
| | | | |

(4)

10. ലോക സംസ്കാരത്തിന് ഈജിപ്തുകാരുടെ സംഭാവനകൾ എന്തൊക്കെ? വിവരിക്കുക.

**അല്ലെങ്കിൽ**

ഇരുമ്പുയുഗ സംസ്കാരങ്ങളിൽ പ്രധാന സംസ്കാരമായ ഗ്രീക്ക് സംസ്കാരത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക. (6)

11. സുമേറിയക്കാർ വികസിപ്പിച്ച ലിപിയുടെ സവിശേഷതകൾ എന്തൊക്കെ? (3)

12. അരിച്ചു കടക്കൽ, ഊർന്നിറങ്ങൽ ഇവ എന്തെന്ന് വ്യക്തമാക്കുക. (2)

13. ഭൂമിയിൽ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ വികാസം സംഭവിച്ച കാലഘട്ടം ഏത്? (1)

14. ഭൂമിയിൽ മനുഷ്യജീവിതം രൂപപ്പെടുന്നതിൽ അന്തരീക്ഷ പാളികൾ നിർണ്ണായക പങ്ക് വഹിക്കുന്നു. ട്രോപ്പോസ്ഫിയറിനെ അടിസ്ഥാനമാക്കി ഈ പ്രസ്താവന പരിശോധിക്കുക?. (4)

15. തീയുടെ ഉപയോഗം മനുഷ്യജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം? (2)

16. നിങ്ങളുടെ പുരയിടത്തിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന ഉപരിതല നീരൊഴുക്കിന്റെ കൊയ്ത്ത് ഏതെന്ന് കണ്ടെത്തി വിശദമാക്കുക? (3)

17. ലോകരാഷ്ട്രങ്ങൾ സെപ്തംബർ -16 ഓസോൺ ദിനമായി ആചരിക്കുന്നു. ഈ ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക?

**അല്ലെങ്കിൽ**

അപക്ഷയം എന്നാലെന്ത്? വിവിധതരം അപക്ഷയങ്ങളെ കുറിച്ച് വിവരിക്കുക. (6)

18. ശ്രേണി, ശ്രേഷ്ഠി ഇവ എന്തെന്ന് വിശദമാക്കുക?. (2)

19. കൃഷിയുടെ ആരംഭം സാമൂഹ്യജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങളെ കുറിച്ച് വിശദമാക്കുക? (3)

20. ശുദ്ധജല ലഭ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടി നിങ്ങൾക്ക് മുന്നോട്ട് വെക്കാനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെ? (3)

21. കോളം പൂർത്തീകരിക്കുക




(4)

22. വെങ്കലയുഗത്തിന്റെ പൊതുസവിശേഷതകൾ എന്തൊക്കെ ? (3)

23. ജലത്തിന്റെ വ്യാവസായിക ഉപഭോഗം ജലസ്രോതസ്സുകളെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു .വ്യക്തമാക്കുക. (3)

24. ഹമ്മുറാബിയുടെ നിയമസംഹിതയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക. (3)

25. ഹാരപ്പൻ സംസ്കാരത്തിന്റെ നഗരാസൂത്രണത്തെ കുറിച്ച് വിശദമാക്കുക. (3)